LIBRARY ARCHIVES Kerala Legislative Assembly

തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പ്രോജക്ട്

119(2475) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നദീതീരത്ത് തമ്മാനിമറ്റം ഭാഗത്ത് ചിൽഡ്രൻസ് പാർക്ക്, ആംഫി തീയേറ്റർ വിത്ത് വോളിബോൾ കോർട്ട് എന്നിവ നിർമ്മിക്കുന്നതിനും നദീതീര സൗന്ദര്യവൽക്കരണത്തിനും വാട്ടർ സ്പോർട്സ് സൗകര്യങ്ങളൊരുക്കുന്നതിനും എറണാകുളം ജില്ലാ ടൂറിസം കൗൺസിൽ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് പരിഗണനയിലുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രോജക്ടിനായി അഞ്ച് ഏക്കർ സ്ഥലം കൈമാറാമെന്ന് പൂതൃക്ക പഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ തമ്മാനിമറ്റം നദീതീര സൗന്ദര്യവൽക്കരണ പ്രോജക്ട് നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിഗണിക്കാവുന്നതാണ്.

തലശ്ശേരി പൈതൃക ടൂറിസം പദ്ധതി

120(2476) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന 3 പദ്ധതികൾക്ക് അംഗീകാരം നൽകുകയും പദ്ധതി പൂർത്തീകരിച്ച് പരിപാലനത്തിനായി ഡി.റ്റി.പി.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1. കൺസർവേഷൻ ഓഫ് ഓൾഡ് ഫയർ ടാങ്ക് ആൻഡ് ഡെവലപ്മെന്റ് ഓഫ് പെർഫോമൻസ് സെന്റർ ഹെറിറ്റേജ് സ്ട്രീറ്റ് അറ്റ് താഴെ അങ്ങാടി
2. കൺസർവേഷൻ ഓഫ് തലശ്ശേരി പിയർ & ഡെവലപ്മെന്റ് ഓഫ് ഫുഡ് സ്ട്രീറ്റ് & സ്കൾപ്ച്ചർ പാർക്ക്
3. കൺസർവേഷൻ റീ യൂസ് ഓഫ് ഗ്രണ്ടർട്ട് ബംഗ്ലോ ആൻഡ് ലാങ്ഗ്വേജ് മ്യൂസിയം, ജർമൻ സ്റ്റഡി സെന്റർ.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം ഘട്ടത്തിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന 4 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

1. സെന്റ് ജോൺസ് ആംഗ്ലിക്കൻ ചർച്ച് - സ്ട്രീറ്റ് ഡെവലപ്മെന്റ് & ലാൻഡ് സ്കേപ്പ് ഡിസൈൻ.

2. താഴെ അങ്ങാടി സ്ട്രീറ്റ് ഡെവലപ്മെന്റ്.

3. ഗ്രണ്ടർട്ട് ബംഗ്ലോ മ്യൂസിയം കമ്പോണന്റ്സ്.

4. ജഗന്നാഥ ടെമ്പിൾ - മ്യൂസിയം ഓഫ് ആർട്ട് - (റിവൈസ്ഡ് ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല) തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുടെ ഭാഗമായി KIIFB സഹായത്തോടെ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഓടത്തിൽ മോസ്ക് ആൻഡ് പാരീസ് ഹോട്ടൽ സ്ട്രീറ്റ്, മുനിസിപ്പൽ സ്റ്റേഡിയം, തിരുവങ്ങാട് രാമസ്വാമി ടെമ്പിൾ, ജഗന്നാഥ ടെമ്പിൾ, ഇല്ലിക്കുന്ന് ചർച്ച്, കതിരൂർ സൂര്യ നാരായണ ടെമ്പിൾ, ശ്രീ ചിറക്കാവ് ഭഗവതി ടെമ്പിൾ എന്നിങ്ങനെ 7 പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. കിഫ്ബി പദ്ധതികളുടെ SPV ആയി KIIDC-നെയാണ് നിയോഗിച്ചിട്ടുള്ളത്. വിവിധ കാരണങ്ങളാൽ പദ്ധതികൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ല. പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനി ഭരണാനുമതി ലഭ്യമാക്കാനുള്ളതെന്നും ആയതിനുവേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഗ്രണ്ടർട്ട് ബംഗ്ലാവ് മ്യൂസിയം പദ്ധതി പൂർത്തീകരിച്ചതിനുശേഷം തുടർ പ്രവർത്തനത്തിന് ചുറ്റുമതിൽ, മ്യൂസിയത്തിന്റെ വരാന്തയിലും കെട്ടിടത്തിന് ചുറ്റും പ്രകാശ ക്രമീകരണം. ഡസ്റ്റ് ബിൻ, നിരീക്ഷണ ക്യാമറ സംവിധാനം എന്നിവ ആവശ്യമായതിനാൽ ഇവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.